(ബി) മരംമുറി സംബന്ധിച്ച ഉത്തരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരാവകാശ രേഖയിലൂടെ വെളിപ്പെട്ടതാണോ പ്രസ്തുത ഉദ്യോഗസ്ഥയ്ക്കെതിരെ ഇപ്രകാരം നടപടിയെടുക്കാൻ കാരണമെന്ന് അറിയിക്കാമോ?

അല്ല.

(സി) റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ ഉദ്യോഗസ്ഥയെ റവന്യൂ വകുപ്പിൽനിന്നും മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

പൊതുഭരണ വകുപ്പിൽ സാധാരണയായി നടത്തുന്ന സ്ഥലംമാറ്റത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവിലൂടെ പ്രസ്തുത ഉദ്യോഗസ്ഥയെ റവന്യൂ വകുപ്പിൽ നിന്നും മാറ്റി നിയമിച്ചിട്ടുണ്ട്.

നെന്മാറ താലൂക്ക് രൂപീകരിക്കൽ

276(2632) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയും പറമ്പിക്കുളവും ഉൾപ്പെടെ 10 പഞ്ചായത്തുകളും 14 വില്ലേജുകളും ഉൾപ്പെടുന്ന നെന്മാറ മണ്ഡലത്തിൽ നെന്മാറ കേന്ദ്രമായി താലൂക്ക് രൂപീകരിക്കേണ്ട ആവശ്യകത സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ, എന്നിവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നാക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യങ്ങൾ എന്നീ കാര്യങ്ങളും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തികസ്ഥിതിയും പരിഗണിച്ചാണ് താലൂക്കുകൾ രൂപീകരിക്കുന്നത്.

(സി) നെന്മാറ താലൂക്ക് രൂപീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണം

277(2633) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം ഗതാഗത യോഗ്യമല്ലാതായി തീർന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് ചെയ്യാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തര സ്വഭാവത്തിലുള്ള പുനരുദ്ധാരണ പ്രവൃത്തികൾ (Immediate repair/restoration) മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായിട്ടുള്ളത്. പ്രസ്തുത റോഡുകൾ അടിയന്തരമായി ഗതാഗതയോഗ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത്തരം പ്രവൃത്തികളുടെ ഭാഗമായി പുതിയ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ അനുവദിക്കാനാകില്ല. പ്രകൃതി ദുരന്തങ്ങളിൽ തകരുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും നിലവിലുള്ള അവസ്ഥ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

(ബി) പ്രവൃത്തികളുടെ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

10-10-2012-ലെ സ.ഉ. (കൈ) നം.384/2012/ഡി.എം.ഡി, 27-3-2018-ലെ സ.ഉ. (കൈ)നമ്പർ 3/2018/ഡി.എം.ഡി. എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.